Downloaded Copy - Association of Retired Teachers (ART)
Farook College

# ആരോഗ്യ ഇൻഷുറൻസ് പദ്ധതി (MEDISEP)

## Frequently Asked Questions – Pensioners

1. സംസ്ഥാന സർവീസ് ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ചേരുന്നത് നിർബന്ധമാണോ? ആയതിലേക്കുള്ള അപേക്ഷ എല്ലാ പെൻഷൻകാരും നൽകേണ്ടതുണ്ടോ?

24.04.2017 തീയതിയിലെ സ.ഉ(അച്ചടി)നം.54/2017/ധന ഉത്തരവു പ്രകാരം സംസ്ഥാന കേഡറിൽ ജോലി ചെയ്യുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർ ഒഴികെയുള്ള എല്ലാ ജീവനക്കാർക്കും പെൻഷൻകാർക്കും നിർബന്ധമായി പ്രസ്തുത പദ്ധതിയിലെ അംഗത്വം വ്യവസ്ഥ ചെയ്തിരിക്കുന്നു. ആയതിനാൽ പാർട്ട് ടൈം കണ്ടിജന്റ്/എക്സ് ഗ്രേഷ്യാ/ പേഴ്സണൽ സ്റ്റാഫ് പെൻഷൻ/കുടുംബ പെൻഷൻകാർ ഉൾപ്പെടെയുള്ള എല്ലാ പെൻഷൻകാരും അവരെ സംബന്ധിച്ചുള്ള വിവരങ്ങൾ സർക്കാർ നിർദ്ദേശ പ്രകാരം നൽകേണ്ടതുണ്ട്. സംസ്ഥാന കേഡറിൽ ജോലി ചെയ്യുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർ/പെൻഷൻകാർ/കുടുംബ പെൻഷൻകാർ എന്നിവർക്ക് പദ്ധതി ഓപ്ഷണൽ ആണ്.

2. പ്രസ്തുത പദ്ധതിയിൽ പെൻഷൻകാരുടെ ആശ്രിതരായി പരിഗണിക്കുന്നവർ ആരൊക്കെയാണ്?

(a) പങ്കാളി. (സംസ്ഥാന സർക്കാർ/സർവകലാശാലാ/തദ്ദേശ സ്വയംഭരണ ജീവനക്കാർ, സർവ്വീസ്/സർവകലാശാലാ/തദ്ദേശ സ്വയംഭരണ പെൻഷൻകാർ എന്നിവർ പ്രസ്തുത വിവരം രേഖപ്പെടുത്തേണ്ടതും കൂടാതെ പദ്ധതിയിൽ പ്രത്യേകമായി പ്രധാന അംഗമായി ചേരേണ്ടതുമാണ്.)
(b) ശാരീരിക മാനസിക വൈകല്യം ബാധിച്ച മക്കൾ ( പ്രായപരിധി ബാധകമല്ല.)

3. പങ്കാളി സർക്കാർ ജീവനം /പെൻഷണർ ആണെങ്കിൽ പങ്കാളിയെ സംബന്ധിച്ചുള്ള വിവരം നൽകേണ്ടതുണ്ടോ?

ഉണ്ട്. പങ്കാളി സർക്കാർ ജീവനം/പെൻഷൻകാർ ആണെങ്കിലും പങ്കാളിയുടെ വിവരങ്ങൾ നൽകേണ്ടതാണ്. തുടർന്ന് പങ്കാളി പദ്ധതിയിൽ പ്രധാന അംഗമായി വിവരം നൽകണം.

4. ബ്ലഡ് ഗ്രൂപ്പ് സംബന്ധിച്ച് വിവരം നൽകുന്നത് നിർബന്ധമാണോ? പ്രൊഫോർമയോടൊപ്പം ഫോട്ടോ നൽകേണ്ടതുണ്ടോ?

ബ്ലഡ് ഗ്രൂപ്പ് സംബന്ധിച്ച വിവരം നൽകുന്നത് നിർബന്ധമല്ല . പ്രൊഫോർമയോടൊപ്പം ഫോട്ടോ നൽകേണ്ടതില്ല.

5. സമാന സർക്കാർ പദ്ധതി എന്നാൽ എന്താണ്? സ്വകാര്യ ഇൻഷുറൻസ് പദ്ധതികളുടെ വിവരം നൽകണമോ?

ECHS, CGHS, CHSS, RSBY തുടങ്ങിയ പദ്ധതികളാണ് ആയതുകൊണ്ട് ഉദ്ദേശിക്കുന്നത്. സ്വകാര്യ പദ്ധതികളുടെ വിവരം നൽകേണ്ടതില്ല.

6. കണ്ടിജന്റ്/പാർട്ട് ടൈം കണ്ടിജന്റ് പെൻഷൻകാർ, എക്സ്ഗ്രേഷ്യാ പെൻഷൻകാർ എന്നിവർ വിവരം നൽകേണ്ടതുണ്ടോ?

സംസ്ഥാന സർവീസിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള പെൻഷൻ വാങ്ങുന്ന എല്ലാ പെൻഷൻകാരും വിവരം നൽകേണ്ടതുണ്ട്.

7 . പെൻഷൻകാരെ ആശ്രയിച്ച് കഴിയുന്ന മാതാപിതാക്കൾ, സഹോദരങ്ങൾ, വൈകല്യമില്ലാത്ത മക്കൾ എന്നിവരെ ആശ്രിതരായി ചേർക്കുവാൻ സാധിക്കുമോ?
ഇല്ല.

8. പെൻഷൻകാരുടെ വിവരശേഖരണത്തിനായുള്ള പ്രഫോമ എവിടെ നിന്നു ലഭ്യമാകും?
പ്രസ്തുത പ്രഫോമ സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും സൗജന്യമായി ലഭിക്കുന്നതാണ്. കൂടാതെ ധനകാര്യ വകുപ്പ്, മെഡിസെപ്പ് എന്നിവയുടെ ഔദ്യോഗിക വെബ് സൈറ്റിൽ നിന്നും ആയത് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

9. . പെൻഷൻകാർ വിവരം എങ്ങനെ നൽകും?
പെൻഷൻകാർ ഇതു സംബന്ധിച്ച് അപേക്ഷ ഇംഗ്ലീഷ് ബ്ലോക്ക് അക്ഷരത്തിൽ മാത്രം പൂരിപ്പിച്ച് ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

10. ട്രഷറി വഴി പെൻഷൻ കൈപ്പറ്റുന്ന സംസ്ഥാന പെൻഷൻകാർ, എക്സ്ഗ്രേഷ്യ പെൻഷൻകാർ, പാർട്ട് ടൈം കണ്ടിജന്റ് പെൻഷൻകാർ, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ പ്രസ്തുത വിഭാഗങ്ങളിലെ കുടുംബ പെൻഷൻകാർ എന്നിവർ അപേക്ഷ സമർപ്പിക്കേണ്ടതെവിടെ? ആയതിനുള്ള സമയ പരിധി വ്യക്തമാക്കാമോ?

ട്രഷറി വഴി പെൻഷൻ കൈപ്പറ്റുന്ന സംസ്ഥാന പെൻഷൻകാർ, എക്സ്ഗ്രേഷ്യ പെൻഷൻകാർ, പാർട്ട് ടൈം കണ്ടിജന്റ് പെൻഷൻകാർ, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ,പ്രസ്തുത വിഭാഗങ്ങളിലെ കുടുംബ പെൻഷൻകാർ എന്നിവർ പ്രസ്തുത പ്രഫോമ പൂരിപ്പിച്ച് തങ്ങളുടെ മാതൃ ട്രഷറിയിൽ 2018 നവംബർ മാസം 15-നുള്ളിൽ സമർപ്പിക്കേണ്ടതാണ്.

11 . ബാങ്ക് വഴിയോ മണിയോർഡർ വഴിയോ പെൻഷൻ കൈപറ്റുന്ന സംസ്ഥാന പെൻഷൻകാർ, എക്സ്ഗ്രേഷ്യ പെൻഷൻകാർ, പാർട്ട് ടൈം കണ്ടിജന്റ് പെൻഷൻകാർ, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ,പ്രസ്തുത വിഭാഗങ്ങളിലെ കുടുംബ പെൻഷൻകാർ എന്നിവർ എന്നിവർ അപേക്ഷ സമർപ്പിക്കേണ്ടതെവിടെ? ആയതിനുള്ള സമയ പരിധി വ്യക്തമാക്കാമോ?

ബാങ്ക് വഴിയോ മണിയോർഡർ വഴിയോ പെൻഷൻ കൈപറ്റുന്ന പ്രസ്തുത പെൻഷൻകാർ/ കുടുംബ പെൻഷൻകാർ എന്നിവർ പൂരിപ്പിച്ച അപേക്ഷ തൊട്ടടുത്ത ട്രഷറിയിൽ 2018 നവംബർ മാസം 15-നുള്ളിൽ സമർപ്പിക്കേണ്ടതാണ്.

12. . സംസ്ഥാനത്തിനു പുറത്ത് താമസിക്കുന്ന കേരള സംസ്ഥാന പെൻഷൻകാർ/ കുടുംബ പെൻഷൻകാർ എന്നിവർ എവിടെ അപേക്ഷ സമർപ്പിക്കണം? ആയതിനുള്ള സമയ പരിധി വ്യക്തമാക്കാമോ?

സംസ്ഥാനത്തിനു പുറത്ത് പെൻഷൻ കൈപറ്റുന്ന കേരള സംസ്ഥാന പെൻഷൻകാർ/ കുടുംബ പെൻഷൻകാർ എന്നിവർ പൂരിപ്പിച്ച അപേക്ഷ ട്രഷറി ഡയറക്ടർക്ക് 2018 നവംബർ മാസം 15 തീയതിക്കുള്ളിൽ രജിസ്റ്റേർഡ് തപാൽ വഴിയോ (**ട്രഷറി ഡയറക്ടർ, കൃഷ്ണ ബിൽഡിങ്, തൈക്കാട് പി.ഒ., തിരുവനന്തപുരം- 695014** എന്ന മേൽ വിലാസത്തിൽ ), നേരിട്ടോ സമർപ്പിക്കേണ്ടതാണ്.

13 . ദേശീയ പെൻഷൻ പദ്ധതി പ്രകാരം സംസ്ഥാന സർവീസിൽ നിന്നും വിരമിച്ചവർക്ക് പദ്ധതിയിൽ ചേരുവാൻ താൽപ്പര്യമുള്ള പക്ഷം അപേക്ഷ സമർപ്പിക്കേണ്ടതെവിടെ? ആയതിനുള്ള സമയ പരിധി വ്യക്തമാക്കാമോ?

ദേശീയ പെൻഷൻ പദ്ധതി പ്രകാരം സംസ്ഥാന സർവീസിൽ നിന്നും വിരമിച്ചവർക്ക് പദ്ധതിയിൽ ചേരുവാൻ താൽപ്പര്യമുള്ള പക്ഷം പ്രസ്തുത പ്രഫോമ പൂരിപ്പിച്ച് ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ്) വകുപ്പിനു 2018 നവംബർ മാസം 15 തീയതിക്കുള്ളിൽ രജിസ്റ്റേർഡ് തപാൽ വഴിയോ, നേരിട്ടോ സമർപ്പിക്കാവുന്നതാണ്.

14. സംസ്ഥാന കേഡറിൽ നിന്നും വിരമിച്ച അഖിലേൻഡ്യ സർവീസ് പെൻഷൻകാർ വിവരം എന്നു മുതൽ നൽകണം?

പ്രസ്തുത വിഭാഗത്തിനു പദ്ധതി ഓപ്ഷണൽ ആണ്. പദ്ധതിയിൽ ചേരുവാൻ ആഗ്രഹിക്കുന്നവർക്ക് നിലവിലെ നിയമങ്ങൾക്ക് വിധേയമായി പദ്ധതിയിൽ ചേരാവുന്നതാണ്. ഈ വിഭാഗത്തിൽപ്പെട്ടവർക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശവും സമയക്രമവും പ്രത്യേകം പുറപ്പെടുവിക്കുന്നതായിരിക്കും.

15. സ്വയമേവ പദ്ധതിയിൽ പ്രധാന അംഗമായി ചേരുവാൻ അർഹതയില്ലാതിരിക്കുകയും പങ്കാളിക്കും മക്കൾക്കും പദ്ധതിയിൽ സ്വാഭാവിക അംഗത്വത്തിനു അർഹതയുള്ള സാഹചര്യത്തിൽ ആരുടെ ആശ്രിതനായാണ് പദ്ധതിയിൽ ചേരുവാൻ കഴിയുക? ഒന്നിൽ കൂടുതൽ പേരുടെ ആശ്രിതരായി പദ്ധതിയിൽ ചേരുവാൻ സാധിക്കുമോ?

പങ്കാളിയുടെ ഒപ്പം വിവരം നൽകണം. ഒരാൾക്ക് ഒരാളുടെ ആശ്രിതൻ/ആശ്രിതയായി മാത്രമേ പദ്ധതിയിൽ ചേരുവാൻ സാധിക്കുകയുള്ളു. ഒന്നിൽ കൂടുതൽ തവണ പദ്ധതിയിൽ ഗുണഭോക്താവായി പേരു ചേർത്താൽ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതായിരിക്കുകയില്ല.

16. സ്വയമേവ പദ്ധതിയിൽ പ്രധാന അംഗത്വത്തിന് ഭാര്യാ ഭർത്താക്കൻമാർക്ക് ഒരു പോലെ അർഹതയുണ്ടായിരിക്കുന്ന സാഹചര്യത്തിൽ (രണ്ടു പേരും സർക്കാർ ജീവനക്കാരോ അല്ലെങ്കിൽ പെൻഷൻകാരോ ആകുന്ന പക്ഷം) പ്രത്യേകം അംഗത്വം എടുക്കേണ്ടതുണ്ടോ?

ഉണ്ട്. സംസ്ഥാന സർക്കാർ ജീവനക്കാരോ പെൻഷൻകാരോ ആയ എല്ലാപേരും നിർബന്ധമായും പദ്ധതിയിൽ അംഗമായി ചേരേണ്ടതുണ്ട്.

17. വിവരങ്ങൾ ഭാവിയിൽ തിരുത്തുന്നതിനുള്ള അവസരം ലഭിക്കുമോ?

ആപേക്ഷ സമർപ്പിക്കുന്ന ട്രഷറി തലത്തിൽ ഇതു സംബന്ധിച്ച നടപടിക്രമങ്ങൾക്ക് വിധേയമായി അവസരം നൽകുന്നതാണ്.

18.. പദ്ധതിയിൽ പ്രധാന അംഗത്വത്തിന് അർഹതയുള്ളവർക്ക് ഭർത്താവിന്റെ / ഭാര്യയുടെ മാതാപിതാക്കളെ ആശ്രിതരായി ഉൾപ്പെടുത്തുവാൻ സാധിക്കുമോ?

സാധിക്കില്ല.

19. പാർട്ട് ടൈം കണ്ടിജന്റ് / കണ്ടിജന്റ് / പാർട്ട് ടൈം ടീച്ചേഴ്സ് പെൻഷൻകാർ എന്നിവർ പദ്ധതിയുടെ പരിധിയിൽ വരുമോ? അപ്രകാരമുള്ളവർ വിവരം നൽകേണ്ടതുണ്ടോ?

പ്രസ്തുത വിഭാഗം പെൻഷൻകാർ പദ്ധതിയുടെ പരിധിയിൽ വരുന്നതിനാൽ വിവരം നൽകേണ്ടതുണ്ട്.

20. . പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻകാർക്ക് പദ്ധതിയയിൽ അംഗത്വം ലഭിക്കുമോ?

ഇല്ല.

21 . ECHS, CGHS, CHSS എന്നിവയുടെ പരിധിയിൽ വരുന്ന പെൻഷൻകാർ നിർദ്ദിഷ്ട ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ചേരണമോ? അപ്രകാരമുള്ളവർ വിവരം നൽകേണ്ടതുണ്ടോ?

പ്രസ്തുത വിഭാഗം പെൻഷൻകാർ വിവരം നൽകേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ ഉചിതമായ നിർദ്ദേശം സർക്കാർ പുറപ്പെടുവിക്കുന്നതായിരിക്കും.

22 . സഹോദരൻ, സഹോദരി എന്നിവരെ പദ്ധതിയിൽ ആശ്രിതരായി ചേർക്കുവാൻ സാധിക്കുമോ?
ഇല്ല.

23 . ബോർഡ്, പൊതുമേഖലാ സ്ഥാപനങ്ങളിൽ സേവനത്തിൽ ഇരിക്കുന്നതോ റിട്ടയർ ചെയ്തതോ ആയ **പങ്കാളിയെ** പദ്ധതിയിൽ ആശ്രിതരായി ഉൾപ്പെടുത്താൻ സാധിക്കുമോ?

സാധിക്കും.

24 . ബഹു. മുഖ്യമന്ത്രി/മന്ത്രിമാർ/പ്രതിപക്ഷ നേതാവ്/ചീഫ് വിപ്പ് എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ പദ്ധതിയിൽ ഉൾപ്പെടുമോ? എങ്കിൽ വിവരം എന്നു മുതൽ നൽകിത്തുടങ്ങണം?

ഉൾപ്പെടും. മറ്റ് പെൻഷൻകാർ വിവരം നൽകുന്നതുപോലെ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരും വിവരം നൽകേണ്ടതാണ്.

25. പൊതു മേഖല/സ്വയംഭരണ/സഹകരണ സ്ഥാപനങ്ങളിലെയും ബോർഡുകളിലെയും പെൻഷൻകാരെ നിർദ്ദിഷ്ട ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? നിലവിൽ അവർ വിവരങ്ങൾ നൽകേണ്ടതുണ്ടോ?

പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ മേൽപ്പറഞ്ഞ പെൻഷൻകാരെ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ നിലവിൽ അവർ വിവരങ്ങൾ നൽകേണ്ടതില്ല.

26 . പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം സംസ്ഥാന സർവീസിൽ നിന്നും വിരമിച്ചവർ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുമോ?

വ്യവസ്ഥകൾക്ക് വിധേയമായി ഉൾപ്പെടും.

27 . ആധാർ ഉൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിക്കുമ്പോഴും കൈമാറ്റം ചെയ്യുമ്പോഴും സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണ്?

ആധാർ ഉൾപ്പെടെയുള്ള വിവരങ്ങൾ സുരക്ഷിതമായി കൈമാറുന്നതിനു എല്ലാ തലങ്ങളിലെ ഓഫീസർമാരും നിയമ പ്രകാരം സ്വീകരിക്കേണ്ട മുൻ കരുതൽ സ്വീകരിക്കേണ്ടതാണ്.

28. RSBY പദ്ധതിയിൽ അംഗമായിട്ടുള്ള സർക്കാർ പെൻഷൻകാർ സ്വീകരിക്കേണ്ട നടപടിക്രമം എന്താണ്?

സർക്കാർ പെൻഷൻകാർക്ക് നിലവിലെ ചട്ടങ്ങൾ അനുസരിച്ച് RSBY പദ്ധതിയിൽ അംഗത്വത്തിനു അർഹതയില്ല. അപ്രകാരം അംഗത്വം എടുത്തിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട അധികാരികൾക്ക് തെറ്റായ വിവരം നൽകിയാണ് അംഗത്വം നേടിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത വിവരം ബന്ധപെട്ട അധികാരികളെ അറിയിച്ച് ചട്ട പ്രകാരം പ്രസ്തുത അംഗത്വം റദ്ദ് ചെയ്യേണ്ടതും സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള ആരോഗ്യ പദ്ധതിയിൽ അംഗമാകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

29 . കന്യാസ്ത്രീകളായ പെൻഷൻകാർക്ക് ആശ്രിതരായി ആരെയെല്ലാം ചേർക്കാം.

പ്രസ്തുത വിഭാഗം പെൻഷൻകാർക്ക് ആശ്രിതരായി നിലവിൽ ആരേയും ചേർക്കുവാൻ സാധിക്കുകയില്ല. ഇതു സംബന്ധിച്ച് കെ.എസ്.ആർ. ഭാഗം III ലെ കുടുമ്പ പെൻഷനു വേണ്ടി ആശ്രിതരെ നിർദ്ദേശിക്കുന്നതു സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഇവിടെയും ബാധകമാണ്.

30. പദ്ധതിയിൽ ചേരാൻ അപേക്ഷ നൽകിയാലുടൻ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാകുമോ?

ഇല്ല. പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള ടെൻഡർ നടപടികൾക്ക് മുന്നോടിയായിട്ടാണ് വിവരശേഖരണം നടത്തുന്നത്. പദ്ധതിയുടെ മറ്റ് വ്യവസ്ഥകൾ ടെൻഡർ നടപടികൾ പൂർത്തിയായതിനു ശേഷം മാത്രമെ വിശദമാക്കുവാൻ സാധിക്കുകയുള്ളൂ.

31 . ഏതെല്ലാം ആശുപത്രികൾ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടും?

പദ്ധതിയിൽ ഉൾക്കൊള്ളുന്ന ചികത്സാ രീതികൾ, ഒടുക്കേണ്ട പ്രീമിയം, ലഭ്യമാകുന്ന കവറേജ്, എംപാനൽഡ് ഹോസ്പിറ്റലുകൾ, മറ്റു വ്യവസ്ഥകൾ എന്നിവ ടെൻഡർ നടപടികൾ പൂർത്തിയായതിനു ശേഷം മാത്രമെ വിശദമാക്കുവാൻ സാധിക്കുകയുള്ളൂ.

32. പദ്ധതിയിലൊടുക്കേണ്ട പ്രീമിയം എത്രയാണ്?

പദ്ധതിയിൽ ഉൾക്കൊള്ളുന്ന ചികത്സാ രീതികൾ, ഒടുക്കേണ്ട പ്രീമിയം, ലഭ്യമാകുന്ന കവറേജ്, എംപാനൽഡ് ഹോസ്പിറ്റലുകൾ, മറ്റു വ്യവസ്ഥകൾ എന്നിവ ടെൻഡർ നടപടികൾ പൂർത്തിയായതിനു ശേഷം മാത്രമെ വിശദമാക്കുവാൻ സാധിക്കുകയുള്ളൂ.

33. പദ്ധതിയിൽ ലഭ്യമാകുന്ന കവറേജ് എത്രയാണ്?

പദ്ധതിയിൽ ഉൾക്കൊള്ളുന്ന ചികിത്സാ രീതികൾ, ഒടുക്കേണ്ട പ്രീമിയം, ലഭ്യമാകുന്ന കവറേജ്, എംപാനൽഡ് ഹോസ്പിറ്റലുകൾ, മറ്റു വ്യവസ്ഥകൾ എന്നിവ ടെൻഡർ നടപടികൾ പൂർത്തിയായതിനു ശേഷം മാത്രമേ വിശദമാക്കുവാൻ സാധിക്കുകയുള്ളൂ.

34. പദ്ധതിയിൽ ആയുർ വേദ /ഹോമിയോ/ യുനാനി/സിദ്ധ ചികിത്സാ രീതികൾ ഉൾപ്പെടുമോ?
പദ്ധതിയിൽ ഉൾക്കൊള്ളുന്ന ചികിത്സാ രീതികൾ, ഒടുക്കേണ്ട പ്രീമിയം, ലഭ്യമാകുന്ന കവറേജ്, എംപാനൽഡ് ഹോസ്പിറ്റലുകൾ, മറ്റു വ്യവസ്ഥകൾ എന്നിവ ടെൻഡർ നടപടികൾ പൂർത്തിയായതിനു ശേഷം മാത്രമേ വിശദമാക്കുവാൻ സാധിക്കുകയുള്ളൂ.